Philadelphia REVIVAL CHURCH
HIS FULNESS
HIS FAITH
HIS COVENANT

മെയ് 2018

# റിവൈവൽ വോയ്സ്

റിവൈവൽ ചർച്ച് പ്രസിദ്ധീകരണം

ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല.

മത്തായി 16:18




- പാസ്റ്ററുടെ സന്ദേശം
- വചന പഠനം: സീയോൻ
- വിശ്വാസ വീരന്മാർ - വില്യം കേറി


Private Circulation Only

www.prconline.org



# നമുക്ക് പ്രത്യാശ ഉണ്ട്

ദൈനം ദിനമുള്ള അന്തരീക്ഷവും കാലാവസ്ഥാ വ്യതിയാനവും നാം എങ്ങനെ കാണുന്നു? കഴിഞ്ഞ വർഷങ്ങളെ താരതമ്യം ചെയ്യുമ്പോൾ വ്യത്യസ്തമെന്നു തോന്നുന്നുവോ? ശരിതന്നെ, കഴിഞ്ഞ വർഷം ഇളം ചൂടുള്ള വസന്തവും അല്പം കഠിനമായ ചൂടുള്ള വേനലും നമുക്കു ലഭിച്ചു,

നമ്മുടെ വീണ(അധഃപതിച്ച) പ്രകൃതത്തിനും വീണഭൂമിയുമായുള്ള സമ്പർക്കത്തിനും; പ്രകൃതിയും, അതിന്റെ വ്യതിയാനവുമായി ചില ബന്ധങ്ങളുണ്ടെന്നു അല്പകാലം മുമ്പ് നാം പഠിച്ചതായി ഓർക്കുന്നു. മാറ്റങ്ങൾ ഒഴിച്ചു കൂടാനാവാത്തതാണ്.

മാറ്റങ്ങളുടെ ഭാഗമായി, പരിഷ്ക്കാരങ്ങൾ അപ്രത്യക്ഷമാകുകയും അവയ്ക്കു പകരമായി പുതിയവ വരികയും ചെയ്യുന്നു എന്ന് ചരിത്രം തെളിയിച്ചിരിക്കുന്നു.

ഇവയെല്ലാം സൃഷ്ടിച്ചത് നമ്മുടെ നാഥനും കർത്താവുമായവൻ തന്നെ; തനിക്കും തന്റെ വചനത്തിനും മാറ്റമില്ലാത്തതാണ് എന്നറിയുന്നതിൽ നാം ആശ്വസിക്കുകയും, ശക്തിപ്പെടുകയും ചെയ്യുന്നു. തന്റെ വചനവും പ്രകൃതവും സ്വീകരിച്ചിരിക്കുന്ന നാം അതിൽ തന്നെ നിലനിൽക്കും.

ദൈവാനുഗ്രഹത്തോടെ മെയ്മാസത്തെ സ്വാഗതം ചെയ്യാം. സന്തോഷിക്ക എന്ന് ഞാൻ കേൾക്കുന്നു, അതിനാൽ ഞാൻ കർത്താവിൽ സന്തോഷിക്കുന്നു.

ആനന്ദത്തോടെ മെയ്മാസത്തെ സ്വാഗതം ചെയ്തുകൊണ്ട് നിങ്ങൾക്കും കർത്താവിൽ സന്തോഷിക്കുമോ?

**ഷിജു നൈനാൻ**

**പാസ്റ്റർ, ഫിലാഡൽഫിയ റിവൈവൽ ചർച്ച്**

# വചന പഠനം: സീയോൻ

*സങ്കീർത്തനങ്ങൾ 48 : 1 - 2 [1]നമ്മുടെ ദൈവത്തിന്റെ നഗരത്തിൽ, അവന്റെ വിശുദ്ധപർവ്വതത്തിൽ യഹോവ വലിയവനും അത്യന്തം സ്തുത്യനും ആകുന്നു.*
*[2]മഹാരാജാവിന്റെ നഗരമായി ഉത്തരഗിരിയായ സീയോൻ പർവ്വതം ഉയരംകൊണ്ടു മനോഹരവും സർവ്വഭൂമിയുടെയും ആനന്ദവുമാകുന്നു.*

കിംഗ് ജെയിംസ് വേദപുസ്തക പരിഭാഷയിൽ ഉയരം എന്ന പദം രണ്ടു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. സങ്കീ. 48 ൽ, ഒന്നാമതായി സീയോന്റെ ഉയരത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. ഉന്നതം(ശ്രേഷ്ഠം) എന്നർത്ഥമുള്ള 'മോഷബ്' എന്ന പദത്തിന്റെ പരിഭാഷയാണ് ഈ പദം. സീയോൻ പർവ്വതം ഉന്നതിയിൽ മനോഹരം എന്നു സങ്കീർത്തനക്കാരൻ പറയുന്നു.

സീയോന്റെ സ്ഥാനം സങ്കീർത്തനത്തിൽ ഇങ്ങനെ പ്രഖ്യാപിക്കുന്നു,
1. അത് നമ്മുടെ ദൈവത്തിന്റെ നഗരം
2. അത് വിശുദ്ധിയുടെ പർവ്വതം
3. ഉയരത്തിൽ അത് മനോഹരം

ഇവിടെ മൂന്നു കാര്യങ്ങൾ നാം കാണുന്നു,
1. നമ്മുടെ ദൈവത്തിന്റെ നഗരം പഴയനിയമ ദൈവാലയത്തിന്റെ പുറത്തെ പ്രാകാരത്തിനു സമം
2. വിശുദ്ധ പർവ്വതത്തിന്റെ വിശുദ്ധി അകത്തെ പ്രാകാരത്തിനു സാദൃശ്യം
3. പ്രത്യേക ദിവസങ്ങളിൽ മഹാപുരോഹിതന്മാർ മാത്രം പ്രവേശിക്കുവാൻ ധൈര്യ പ്പെട്ടിരുന്ന ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലമായി സീയോൻ പർവ്വതത്തെ സാദൃശ്യപ്പെടുത്തുന്നു.

പുതിയ നിയമത്തിലെ ഒരു മെച്ചമായ ആലയവുമായി ഇതിനെ സാദൃശ്യപ്പെടുത്താം.
1 . നമ്മുടെ ശരീരം ദൈവത്തിന്റെ മന്ദിരം (1കൊരിന്ത്യർ 3:16)
2. നമ്മുടെ ദേഹിയിൽ മനസ്സ്, വികാരം, വിചാരങ്ങൾ എന്നിവ ഉൾപ്പെട്ടിരിക്കുന്നു.
3. നമ്മിലെ പുതിയ മനുഷ്യൻ നീതിയിലും, യഥാർത്ഥ വിശുദ്ധിയിലും സൃഷ്ടിക്ക പ്പെട്ടിരിക്കുന്നു. ( എഫെസ്യർ 4 : 24 )

ഇതു മൂന്നു സ്വർഗ്ഗതലങ്ങളുമായി സാദൃശ്യപ്പെടുത്താം.
1. ഒന്നാം സ്വർഗ്ഗം, നാം കാണുന്ന ആകാശം
2. രണ്ടാം സ്വർഗ്ഗം, അവിടെയാണ് നമുക്കെതിരായ യുദ്ധം(പോരാട്ടം) നടക്കുന്നത് (എഫെസ്യർ 6 : 12 )
3. മൂന്നാം സ്വർഗ്ഗം, ഇവിടെ നാം ക്രിസ്തുവിനോട് കൂടെ ഇരുത്തപ്പെട്ടിരിക്കുന്നു.

ഇപ്രകാരം നാം മനസ്സിലാക്കുമ്പോൾ സീയോൻ അതിന്റെ ഉയരത്തിൽ എത്ര മനോഹരം തന്നെ. അത് മറ്റു രണ്ടു തലത്തിൽ നിന്നും വളരെ അകലെയും, അതിന്റെ ഉയരത്തിലും, കാഴ്ചയിലും വളരെ മനോഹരവുമത്രെ.

നമ്മിലെ ഉൾനട്ട മനുഷ്യനും എത്രയോ ഉന്നതനും സൗന്ദര്യവാനുമാണ്, ഹല്ലേലുയ്യാ; യേശുക്രിസ്തുവിൽ നാം പുതിയ സൃഷ്ടിയുടെ അവകാശികളാണ്, അതത്രേ ഈ ഉൾനട്ട മനുഷ്യൻ.

അവൻ ഉയർന്നവനും അത്ഭുതവാനുമാണ്. അവിടെയത്രേ കർത്താവുമായി നമുക്ക് കൂട്ടായ്മയുള്ളത്. ശരീരത്തിന്റെയും, മനസ്സിന്റെയും മണ്ഡലത്തിൽ നിന്നും ഒരു ഉയർന്നതലത്തിലത്രേ, യേശുക്രിസ്തുവിലുള്ള ഈ പുതിയ മനുഷ്യൻ. ഈ പുനരുദ്ധാനം ചെയ്ത ക്രിസ്തുവിനെ ലോകത്തിന്റെ ക്രമത്തിലേക്കും പൈശാചിക തലങ്ങളിലേക്കും തരം താഴ്ത്തുവാൻ ഒരിക്കലും സാദ്ധ്യമല്ല.

ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിൽ തന്നെ ആയിരിക്ക. ഇതുവരെ നിങ്ങൾക്കതിനു സാധിച്ചില്ലായെങ്കിൽ, 'ഈ പുതിയ സൃഷ്ടിയെ നിങ്ങൾക്ക് നൽകുവാൻ ദൈവത്തോട് അപേക്ഷിക്കുക'.

ദൈവം നിങ്ങളെ ആശീർവ്വദിക്കട്ടെ.

# വിശ്വാസ വീരന്മാർ - വില്യം കേറി

(മുൻ ലക്കത്തിൽ നിന്നും തുടർച്ച)

## വില്യം കേറി - ബൈബിൾ പരിഭാഷകൻ

ദൈവവചനത്തിന്റെ ജീവനും ശക്തിയും തിരിച്ചറിഞ്ഞ കേറി തന്റെ യൗവ്വന കാലം മുതൽ എല്ലാ ദിവസവും ആരംഭിക്കുന്നത് വേദപുസ്തകം വായിച്ചുകൊണ്ടാണ്. ആദ്യം ഇംഗ്ലീഷിലും, പിന്നെ താൻ തന്നെ പഠിച്ച മറ്റു ആറ് ഭാഷകളിലും വേദപുസ്തകത്തിലെ ഒരദ്ധ്യായം എല്ലാ പ്രഭാതത്തിലും വായിക്കുയെന്നത് മുടങ്ങാത്ത ഒരു ശീലമായിരുന്നു.

1793 - ൽ ബംഗാളി ഭാഷ കൈവശമായപ്പോൾ ഇന്ത്യയിലെയും, കിഴക്കൻ ഏഷ്യയിലെയും പ്രധാന ഭാഷകളിലേക്ക് വേദപുസ്തകം പരിഭാഷപ്പെടുത്തണം എന്ന് പൂർണ്ണ ഹൃദയത്തോട് കേറി ആഗ്രഹിച്ചു. അദ്ദേഹം വചനം പ്രസംഗിക്കയും പഠിപ്പിക്കയും ചെയ്തിരുന്നുവെങ്കിലും ദൈവവചനം തദ്ദേശീയ ഭാഷയിലേക്കു പരിഭാഷപ്പെടുത്തുവാണ് നിരന്തരമായ പ്രവർത്തനത്തിൽ ഏറ്റവും കൂടുതൽ സമയം വർഷംതോറും ചിലവഴിച്ചത്. എല്ലാ വ്യക്തികൾക്കും അവരവരുടെ സ്വന്ത ഭാഷയിൽ ദൈവവചനം ലഭ്യമാകുക എന്നതായിരുന്നു ലക്ഷ്യം.

കേറി മുഖാന്തരം വേദപുസ്തകം പൂർണ്ണമായോ ഭാഗികമായോ നാല്പതിൽ പരം ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തുകയുണ്ടായി. ബംഗാളി, ഹിന്ദി, മറാത്തി, സംസ്കൃതം ഭാഷകളിലേക്കുള്ള തർജ്ജിമ അദ്ദേഹം സ്വയമായി ചെയ്തവയായിരുന്നു. ചൈനീസ് ഭാഷയിലേക്കു വേദപുസ്തകം തർജ്ജിമ ചെയ്തത് മാർഷ്മാനായിരുന്നു. ഹിന്ദി പരിഭാഷ അതിന്റെ ഉപഭാഷകളിലേക്ക് തർജ്ജിമ ചെയ്തത് മറ്റു സഹപ്രവർത്തകരും, ഭാഷാ പണ്ഡിതന്മാരും ആയിരുന്നു. ദശലക്ഷങ്ങളിലേക്കു ഏതുവിധേനയും ദൈവവചനം എത്തിക്കുന്നതിൽ രാപ്പകലില്ലാതെ അദ്ദേഹം പ്രയത്നിച്ചു.

വേദപുസ്തകവും പുതിയനിയമവും നാല്പതിൽ പരം ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയത് ഉത്കൃഷ്ട ഹൃദയരായ സെറാംപൂർ പ്രവർത്തകരാണെന്ന് മി. ജോർജ്ജ് എ ഗ്രീൻസൺ 1904 ൽ ബ്രിട്ടീഷ് വിദേശ ബൈബിൾ സൊസൈറ്റിയുടെ ഒരു യോഗത്തിൽ പ്രസംഗിക്കുകയുണ്ടായി. അവർക്കു മുൻപ് ഇന്ത്യയിൽ വിരലിൽ എണ്ണാവുന്ന പരിഭാഷകൾ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നും അദ്ദേഹം സൂചിപ്പിച്ചു.

എങ്ങനെ ഈ വ്യക്തികൾക്ക് വേദപുസ്തകം ഇത്രയേറെ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തുവാൻ സാദ്ധ്യമായി? കഠിനാധ്വാനവും, ദൈവത്തിൽ നിന്നുള്ള പരിജ്ഞാനവും! വില്യം കേറിയും കൂട്ടരും ഈ ഭാഷകളുടെ വ്യാകരണം (ഗ്രാമർ) ആദ്യം പഠിച്ചു അത് എഴുതി വച്ചു. ഓരോ ഭാഷകളുടെയും പ്രത്യേകതകളും, ക്രമക്കേടുകളും അവർ സൂക്ഷമമായി പഠിച്ചു. 1811 വർഷാവസാനമായപ്പോഴേക്കും കേറി, സംസ്കൃതം, ബംഗാളി, മറാത്തി എന്നീ ഭാഷകളിലെ വ്യാകരണം എഴുതി പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരുന്നു. തുടർന്ന് തെലുങ്ക്, കന്നഡ, ഒറിയ, പഞ്ചാബി, കാശ്മീരി, ഗുജറാത്തി, നേപ്പാളി, ആസ്സാമി എന്നി ഭാഷകളിലെ വ്യാകരണത്തിൽ അദ്ദേഹം കർമ്മനിരതനായി.

1810 - ഫെബ്രുവരി 7 നു വില്യം കേറിയുടെ ആദ്യത്തെ പരിഭാഷയായ ബംഗാളി പുതിയനിയമം പൂർത്തിയായി. ഭക്തി പുരസ്സരം ആ പുതിയനിയമം സഭാഹാളിലെ വിശുദ്ധ സംസർഗ്ഗ മേശമേൽ പ്രതിഷ്ഠിച്ചു. മിഷനറി കുടുംബങ്ങളും, പുതിയതായി വിശ്വാസത്തിലേക്ക് കടന്നുവന്നവരും ദൈവത്തെ നന്ദിയോടെ സ്തുതിച്ചുകൊണ്ട് ഭയഭക്തിയോടെ അതിനു ചുറ്റും കൂടിനിന്നു. "ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകലജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ " എന്ന് വചനത്തിൽ നിന്നും ഉദ്ധരിച്ചു കൊണ്ട് കേറി അന്ന് പ്രസംഗിച്ചു. പതിനഞ്ചു വർഷത്തെ

അധ്വാനഫലമായിരുന്നു ആ ബംഗാളി വേദപുസ്തകം. തന്റെ സ്വന്തം പേനകൊണ്ട് വേദപുസ്തകം മുഴുവൻ കേറി എഴുതി.

ഈ അധ്വാനിയായ പണ്ഡിതൻ തന്നെയാണ് സംസ്കൃതത്തിലുള്ള വേദപുസ്തകം പരിഭാഷപ്പെടുത്തിയതും എഴുതിയതും. ബ്രാഹ്മണർ അത് താല്പര്യത്തോടെ സ്വീകരിച്ചു. 1812 ൽ അഗ്നിക്കിരയായ പഴയനിയമത്തിലെ ചരിത്ര പുസ്തകങ്ങൾ വീണ്ടും തർജ്ജിമ ചെയ്ത് 1815 ൽ പൂർത്തീകരിച്ചു. 1827 ൽ പുതുക്കിയ പതിപ്പ് പ്രസിദ്ധപ്പെടുത്തുവാൻ വൃദ്ധനായ ഈ വിശുദ്ധന് ശക്തി ലഭിച്ചു.

1811 ൽ മറാത്തി ഭാഷയിലുള്ള പുതിയനിയമവും, 1820 ൽ പഴയനിയമവും പൂർത്തിയാക്കി. ഹിന്ദി പരിഭാഷയിലായിരുന്നു അദ്ദേഹത്തിന് ഏറ്റവും അതിയായ താല്പര്യം ഉണ്ടായിരുന്നത്. പുതിയ നിയമം പൂർത്തീകരിക്കയും, ഈ പതിപ്പ് ആനന്ദ് മസീഹ് എന്ന ഒരു ബ്രാഹ്മണ പൂജാരിയെ ക്രിസ്തുവിങ്കലേക്കു നയിക്കുവാൻ ഇടയായിത്തീരുകയും ചെയ്തു.

1820 നും 1807 നും ഇടയിലാണ് ഹിന്ദി പരിഭാഷ കേറി സ്വയമായി ചെയ്തത്. പൂർത്തീകരിച്ച പഞ്ചാബി ബൈബിൾ 1815 ൽ പ്രസിദ്ധീകരിക്കയും 1820 ആയപ്പോഴേക്കും അത് വളരെ പ്രചാരം നേടുകയും ചെയ്തു.

(തുടരും.....)

# **Recipe Corner**

## Chocolate Fudge  **Shared by: Sis. Leela George**

**Ingredients:**

1 ½ Cup – Nuts(like Almond, Walnut)

1 Can – Condensed Milk 14oz

1 lbs(pound) – Semi-sweet chocolate finely chopped

2 tbsp – Unsalted Butter

2 tsp – Pure Vanilla Extract

**Directions:** Toast the nuts at $350^0$ F for 15mins. Prepare the 8" or 9" square baking pan lined with Aluminum foil. Combine condensed milk, chocolate, butter melt it over a steaming bowl, don't overheat. Stir until smooth. Remove from heat, stir in Vanilla and chopped nuts. Spread the fudge in prepared pan. Let it cool for several hours. Then remove from pan. Cut into 1" size pieces. Store in fridge for several days. Well wrapped for several months in freezer.

# Good and Perfect Gift – Word Scramble Puzzle

- **Complete the Bible verse given below.**

**<u>Bible Verse:</u> James 1:17(KJV)**

"Every good gift and every ___________ gift is from __________ and cometh down from the __________ of ______________ with whom is no ____________ neither _____________ of __________________".

- **<u>Unscramble the following words:</u> (Hint: Words taken from the above verse)**

1 - NGRN T UI

☐☐◯◯◯☐☐

2 - EPERTFC

☐◯☐☐◯☐☐

3 - IGTSLH

◯☐☐☐☐◯

4 - EARFHT

☐◯☐☐☐☐

5 - OSDWHA

◯☐◯☐☐☐

6 - BVOEA

☐◯☐◯☐

- **Copy the circled letters from above into the blanks below and unscramble the final word.** (Hint: Look for the words not used earlier)

___ ___ ___ ___ ___ ___ ___ ___ ___ ___ ___ ___

◯◯◯◯◯◯◯◯◯◯◯◯

Created online at <u>Gospel Hall dot Org</u>




He staggered not at the promise of God through unbelief; but was strong in faith, giving glory to God;

– Romans 4:20 KJV

## UPCOMING EVENTS ….

- **3 Day Fasting Prayer on May 25, 26 & 27, 2018 at the residence of Br. C. C. Cherian.**
- **Church Out Reach Program in June last week.**

## Event Schedule

**Sunday Service**
09:30 AM - 11:00 AM : Malayalam Worship
11:30 AM - 1:00 PM : English Worship
1:10 PM – 2:00 PM : Urdu Worship

10:00 AM - 11:15 AM : Sunday School

**Special Worship(In Church):** Friday 6:30 PM - 8:30 PM
**Youth Meetings:** Friday 7:00 PM - 9:00 PM
**Bible Study(In Homes):**
Wednesday : 10:30 AM - 12:30 PM & 6:30 PM - 8:30 PM
**Cell Meetings:**
Northeast Philadelphia: Saturday & Sunday 6:30 PM - 8:30 PM

For more details please call us at 215-673-4967